# ഹദീസ് വെബ്സൈറ്റുകൾ




**വിവരസാങ്കേതിക** വിദ്യയുടെ കുതിച്ചുചാട്ടം ഇസ്‌ലാമിക പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും പുതുജീവൻ പകർന്നിരിക്കുകയാണ്. ഖുർആൻ, ഹദീസ്, കർമശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാമേഖലകളിലെയും പഠനങ്ങൾക്ക് സഹായകമായ സോഫ്റ്റ്‌വെയർ സിഡികളും വെബ്സൈറ്റുകളും ഇന്ന് ലഭ്യമാണ്. പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളും അവയുടെ ആധികാരിക വ്യാഖ്യാനഗ്രന്ഥങ്ങളും ഡിജിറ്റൽ രൂപത്തിൽ സംവിധാനിച്ചിട്ടുണ്ട്. ചില ഹദീസ് സോഫ്റ്റ് വെയറുകളുടെയും വെബ്സൈറ്റുകളുടെയും ലഘു പരിചയമാണ് ചുവടെ.

***അൽമൗസൂഅത്തുദ്ദഹബിയ്യ***

ജോർദാനിലെ അമ്മാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന മർകസു തുറാസ് എന്ന ഇസ്‌ലാമിക് സോഫ്റ്റ്‌വെയർ സ്ഥാപനമാണ് ഈ ഹദീസ് എൻസൈക്ലോപീഡിയ പുറത്തിറക്കിയിരിക്കുന്നത്. ഈ സോഫ്റ്റ്‌വെയർ സിഡിയിൽ മാത്രം വിവിധ ഹദീസ് ഗ്രന്ഥങ്ങളിൽനിന്നുള്ള രണ്ടര ലക്ഷം ഹദീസുകളും ഒന്നേകാൽ ലക്ഷം റിപ്പോർട്ടർമാരെ കുറിച്ചുള്ള വിവരണവുമുണ്ട്. വ്യത്യസ്ത രീതികളിൽ സെർച്ചിംഗ് സംവിധാനവും ഒരുക്കിയിരിക്കുന്നു. ഇതിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ www.turath.com എന്ന സൈറ്റിൽ ലഭ്യമാണ്.

***മൗസൂഅത്തുൽ ഹദീസ്***

കുവൈത്തിലെ 'ഹർഫ്' കമ്പനി പുറത്തിറക്കിയ പ്രമുഖ ഹദീസ് സോഫ്റ്റ്‌വെയർ എൻസൈക്ലോപീഡിയ. 'കുതുബുത്തിസ്അഃ' എന്ന പേരിൽ പ്രസിദ്ധമായ ഈ സംരംഭം 9 പ്രമുഖ ഹദീസ് ഗ്രന്ഥങ്ങളിലൂടെയുള്ള സെർച്ചിംഗ് സംവിധാനമാണൊരുക്കുന്നത്. സിഹാഹുസ്സിത്തക്ക് പുറമെ അഹ്മദ്, മാലിക്, ദാരിമി എന്നിവരുടെ ഗ്രന്ഥങ്ങളും സി.ഡിയിലുണ്ട്. ഹദീസിലെ ഒരു വാക്കോ ക്രമനമ്പറോ വിഷയമോ അധ്യായത്തിന്റെ പേരോ നൽകി സെർച്ച് ആരംഭിക്കാം. ഏത് ഹദീസിന്റെയും 'സനദി'ലെ റാവിമാരെ പറ്റി വിശദമായി പരിശോധിച്ച് അത് ആധികാരികമാണോ അല്ലേ എന്ന് ഉറപ്പുവരുത്താം. ഉലൂമുൽ ഹദീസിനും പ്രത്യേക വിഭാഗമുണ്ട്.

***മക്തബത്തുൽ ഹദീസ്***

ഈ സോഫ്റ്റ്‌വെയറിൽ പ്രമുഖ ഹദീസ് ഗ്രന്ഥങ്ങൾക്കു പുറമെ ഫത്ഹുൽബാരി, ശർഹു മുസ്‌ലിം തുടങ്ങിയ വ്യാഖ്യാനഗ്രന്ഥങ്ങളും നിഘണ്ടുക്കളും ഉൾപ്പെടുത്തിയിരിക്കുന്നു. അരിസ് എന്ന സോഫ്റ്റ്‌വെയർ ടീമാണ് ഈ ഹദീസ് ലൈബ്രറിതയ്യാറാക്കിയിരിക്കുന്നത്. എൻസൈക്ലോപീഡിയ ഓഫ് ഹദീസ് എന്ന ചെറിയ സോഫ്റ്റ്‌വെയറിലും ബുഖാരി, മുസ്‌ലിം, രിയാളുസ്സ്വാലിഹീൻ എന്നീ ഗ്രന്ഥങ്ങളുണ്ട്. ഈജിപ്തിൽനിന്നാണ് സി.ഡി. പുറത്തിറക്കിയിരിക്കുന്നത്.

***ഹദീസ് വെബ്സൈറ്റുകൾ***

ഹദീസ് ഗവേഷണങ്ങൾക്ക് മാത്രമായി നിരവധി വെബ്സൈറ്റുകൾ ഇന്ന് ലഭ്യമാണ്. പ്രമുഖ ഇസ്‌ലാമിക സൈറ്റുകൾക്കെല്ലാം 'ഹദീസ്' ലിങ്കുകളുണ്ട്. പ്രമുഖ ഹദീസ് പണ്ഡിതന്മാരുടെ പേരിലും ഹദീസ് ഗ്രന്ഥങ്ങളുടെ പേരിലും സൈറ്റുകൾ കാണാം.

ഇരുപതാം നൂറ്റാണ്ടിലെ പ്രമുഖ ഹദീസ് പണ്ഡിതന്മാരായിരുന്ന ശൈഖ് അൽബാനിയുടെയും ശൈഖ് ഇബ്നുബാസിന്റെയും സൈറ്റുകൾ ഈയിനത്തിൽ ശ്രദ്ധേയമാണ്. ശൈഖ് ഇബ്നു ബാസിന്റെ (www.bin.baz.org.sa) പേരിലുള്ള സൈറ്റിൽ ഹദീസ് സെർച്ചിംഗ് സംവിധാനത്തോടൊപ്പം ഫത്‌വകളും വിഷയാധിഷ്ഠിത വിവരണങ്ങളുമുണ്ട്. ശൈഖ് നാസിറുദ്ദീൻ അൽബാനിയുടെ മുഴുവൻ ഗ്രന്ഥങ്ങളും സൈറ്റിൽനിന്ന് (alalbani.net) ഡൗൺലോഡ് ചെയ്യാം.

മറ്റൊരു വിപുലമായ ഹദീസ് എൻസൈക്ലോപീഡിയയാണ്

'ദുററുസുന്നിയ്യ' എന്ന സ്ഥാപനത്തിന്റെ 'ദൊറർ ഡോട്ട് നെറ്റ്'. അൽബാനിയുടെ ഗ്രന്ഥങ്ങളും സൈറ്റിലുണ്ട്. അൽ-ഇസ്‌ലാം ഡോട്ട് കോമിന്റെ വെബ്സൈറ്റിൽ ഇതര വിഷയങ്ങൾക്കെന്ന പോലെ ഹദീസിനും ഇടമുണ്ട്. 9 ഹദീസ് ഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനഗ്രന്ഥങ്ങളും ഈ ഓൺലൈൻ വിജ്ഞാന കോശത്തിലുണ്ട്. 55 ഇനങ്ങളായിതിരിച്ചുള്ള വിഷയക്രമീകരണവും കാണാം. ഖുദ്സി, മുതവാതിർ, മർഫൂഅ്, മൗഖൂഫ്, മൗദൂഅ് തുടങ്ങിയവയെപ്പറ്റി വിവരണങ്ങളുമുണ്ട്. സുഊദിയിലെ മിനിസ്ട്രി ഓഫ് ഇസ്‌ലാമിക് അസോസിയേഷന്റേതാണ് വെബ്സൈറ്റ്.

***അൽ മക്തബത്തുൽ വഖ്ഫിയ്യഃ***

ഹദീസ് ഗ്രന്ഥങ്ങളുടെയും മറ്റു ഇസ്‌ലാമിക രചനകളുടെയും ഏറ്റവും വിപുലമായ ഡിജിറ്റൽ ഡി.വി.ഡി. സോഫ്റ്റ്‌വെയറാണ് 'മക്തബത്തുശ്ശാമിലഃ.' 43 ഹദീസ് സമാഹാരങ്ങളും നൂറിൽപരം ഹദീസ് സംബന്ധമായ ഗ്രന്ഥങ്ങളുമടക്കം 2000ഓളം ഈ-ബുക്കുകളാണിതിലുള്ളത്. www.waqfeya.com എന്ന വെബ്സൈറ്റിലും ഗ്രന്ഥങ്ങൾ ലഭ്യമാണ്.

***ചില ഹദീസ് സൈറ്റുകൾ***

www.muslimaccess.com/sunnah
www.mowsoah.com
www.alsunnah.com
www.asseraj.net
www.muhaddith.com
www.al-islam.com
www.bin.baz.org.sa
www.dorar.net
www.alalbani.net

**സുഹൈർ അലി**